II. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 x 5 = 25)

26. പ്രാദേശികചരിത്രരചനയിൽ ഉപയോഗിച്ചു വരുന്ന പ്രമാണസാമഗ്രികൾ ഏതെല്ലാം? വിശദീകരിക്കുക.

27. ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രത്യയശാസ്ത്രം മറ്റ് ആഗോള പ്രസ്ഥാനങ്ങളെ ഏതെല്ലാം വിധങ്ങളിൽ സ്വാധീനിച്ചു?

28. ചരിത്രരചനയിൽ ബാഹ്യവിമർശനത്തിന്റെയും ആന്തരികവിമർശനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് എഴുതുക.

29. എന്താണ് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ്? വിശദീകരിക്കുക.

30. സ്ത്രീസമത്വത്തെ സംബന്ധിക്കുന്ന സൈദ്ധാന്തിക വീക്ഷണങ്ങളെ വിശദീകരിക്കുക?

31. അക്ബറിന്റെ ഭരണനേട്ടങ്ങളെ പ്രതിപാദിക്കുക?

32. ഇന്ത്യയുടെ പുരാവസ്തു പൈതൃകംസംരക്ഷിക്കുന്നതിലും പഠിക്കുന്നതിലും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ((ASI) പങ്ക് വിലയിരുത്തുക.

33. മധ്യകാല അറബ് ചരിത്രരചനയിൽ ഇബ്നുഖൽദൂൻ നൽകിയ സംഭാവനകൾ എന്തെല്ലാം?

--***--

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

## എം. എ പ്രവേശനപരീക്ഷ - 2025

## ചരിത്രപഠനം

**കോഴ്സ് കോഡ് : MUE 25 HIS - 08**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക (01 x 25= 25)

1. കേരളചരിത്രത്തിലെ 'ഇരുളടഞ്ഞ ഏടുകൾ' ആരുടെ കൃതിയാണ്?
 a. പത്മനാഭമേനോൻ b. ഇളംകുളംകുഞ്ഞൻപിള്ള
 c. എം.ജി.എസ് നാരായണൻ d. ശ്രീധരമേനോൻ

2. എന്തിനെയാണ് തബുലകിലൊണൻസിസ് എന്നറിയപ്പെടുന്നത്?
 a. പേർഷ്യൻകൃതി b. ജൂതപട്ടയം
 c. തരിസാപ്പള്ളിപട്ടയം d. യൂറോപ്യൻ വാസ്തു മാതൃക

3. താഴെ തന്നിരിക്കുന്ന ബ്രാഹ്മണഗ്രാമങ്ങളിൽ ഏറ്റവും വടക്കായി തിരിച്ചറിഞ്ഞിട്ടുള്ള ഗ്രാമമേത്?
 a. ശുകപുരം b. പെരിഞ്ചല്ലൂർ
 c. പന്നിയൂർ d. കഴുതനാട്

4. താഴെപ്പറയുന്നതിൽ എരുവിയരെകുറിച്ച് പരാമർശിക്കുന്ന ലിഖിതം ഏത്?
 a. മാമ്പള്ളിശാസനം b. ദേവിദേവേശ്വരം ലിഖിതം
 c. കുറുമാത്തൂർ ലിഖിതം d. മിത്രാനന്തപുരം ലിഖിതം

5. നാനംമോനം എന്നറിയപ്പെട്ടിരുന്ന ലിപി ഏത്?
 a. കോലെഴുത്ത് b. വട്ടെഴുത്ത്
 c. ആര്യഎഴുത്ത് d. ഗ്രന്ഥാക്ഷരം

6. താഴെപറയുന്നവരിൽ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് എഡിറ്റ് ചെയ്തിരിക്കുന്നത് ആര്?
 a. ഇളംകുളം കുഞ്ഞൻപിള്ള b. ടി.എ.ഗോപിനാഥറാവു
 c. എം.ജി.എസ്.നാരായണൻ d. ശങ്കുണ്ണിമേനോൻ

7. തിരുവല്ലചെപ്പേടിൽ സൂചിപ്പിച്ചിരിക്കുന്ന പ്രാദേശിക കച്ചമേത്?
 a. കാടങ്ങാട്ടുകച്ചം b. കൈതവാരത്ത്കച്ചം
 c. ശങ്കരമംഗലത്തുകച്ചം d. പോട്ടക്കച്ചം

8. 'വെൽത്ത് ഓഫ് നേഷൻ' ആരുടെ ഗ്രന്ഥമാണ്?
 a. ആദംസ്മിത്ത് b. വില്യം ജോൺസ്
 c. ജെയിംസ്മിൽ d. ആൽഫ്രഡ് മാർഷൽ.

9. നവീനശിലായുഗവിപ്ലവം ആരുടെ ആശയമാണ്?
 a. ഗോർഡൻചൈൽഡ് b. റോബർട്ട് ബ്രൈഡ് വുഡ്
 c. സി.ജെ . തോംസൺ d. ജെയിംസ്സ്കോട്ട്

10. ലഭ്യമായതിൽ ഏറ്റവും പഴക്കം ചെന്ന നിയമസംഹിതയുടെ ഉപജ്ഞാതാവ് ആര്?
 a. മനു b. ഹമുറാബി
 c. ഉർ നമ്മു d. ഡ്രാക്കോ

11. ഗിസയിലെ പിരമിഡ് ആരുടെ സ്മരണാർഥം നിർമിച്ചതാണ്?
 a. ഖുഫു b. അമേൻഹോട്ടപ്പ്
 c. റാംസെസ് d. തുത്തൻഖാമുൻ

12 പ്രാചീനലോകത്തിൽ പാശ്ചാത്യ പൗരസ്ത്യദേശങ്ങളെ ബന്ധിപ്പിച്ചിരുന്ന പ്രധാന വാണിജ്യ പാത.
 a. കോൺസ്റ്റാന്റിനോപ്പിൾ b. സിൽക്ക്റൂട്ട്
 c. ട്രാൻസ് - അറ്റ്ലാന്റിക് d. ഇന്ത്യൻസമുദ്രം

13. റോമൻസാമ്രാജ്യം സ്ഥാപിച്ചതാര്?
 a. ജൂലിയസ്സീസർ b. നീറോ
 c. ടൈബീരിയസ് d. അഗസ്റ്റസ് സീസർ.

14. ഷാർലെമൈൻ ഏതു സാമ്രാജ്യത്തിന്റെ അധിപനായിരുന്നു?
 a. ബൈസന്റൈൻ സാമ്രാജ്യം b. വിശുദ്ധറോമൻ സാമ്രാജ്യം
 c. ഓട്ടോമൻ സാമ്രാജ്യം d. കരോലിംഗിയൻ സാമ്രാജ്യം.



15. ഇന്ത്യയിലെ ആദ്യത്തെ വനിതാഭരണാധികാരി ആര്?
 a. സുൽത്താനറസിയ b. രമാഭായി
 c. താരാഭായി d. സുഭദ്ര

16. കുതിരയുടെ അവശിഷ്ടങ്ങൾ കണ്ടെടുക്കപ്പെട്ട സിന്ധുനദീതടസംസ്ക്കാരത്തിലെ സ്ഥലം ഏതാണ്?
 a. ഹാരപ്പ b. ധോളവിര
 c. സുർകോട്ടട d. മോഹൻജദാരോ

17. കൗടില്യന്റെ അർത്ഥശാസ്ത്രം പില്ക്കാലത്ത് കണ്ടെത്തിയതാര്?
 a. ജെയിംസ്പ്രിൻസെപ് b. ശ്യാമശാസ്ത്രി
 c. ജോൺമാർഷൽ d. ജെ.പി. ജോഷി

18. കലിംഗയുദ്ധത്തിന്റെ കെടുതികൾ വിശദമായി പ്രതിപാദിക്കുന്ന അശോകശാസനം ഏത്?
 a. പത്താംശാസനം b. പതിനൊന്നാംശാസനം
 c. പന്ത്രണ്ടാംശാസനം d. പതിമൂന്നാംശാസനം

19. താരിക്കിഫിറോഷാഹി രചിച്ചതാര്?
 a. സിയാവുദ്ദീൻബറാനി b. അക്ബർ
 c. ഷാജഹാൻ d. അമീർഖുസ്രു

20. 'വന്ദ്യവയോധികൻ' എന്നറിയപ്പെടുന്നതാര്?
 a. ഗാന്ധിജി b. ദാദാബായ്നവറോജി
 c. ഗോപാലകൃഷ്ണഗോഖലെ d. ബാലഗംഗാധരതിലക്

21. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് റിപ്പൻ പ്രഭു നിയമിച്ച കമ്മീഷൻ?
 a. സാട്‌ലർകമ്മീഷൻ b. ഹണ്ടർകമ്മീഷൻ
 c. ഫാമിൻകമ്മീഷൻ d. എജ്യൂക്കേഷൻകമ്മീഷൻ

22. 'നിയർ എ തൗസന്റ് ടേബിൾസ്: എ ഹിസ്റ്ററി ഓഫ് ഫുഡ്' എന്ന പുസ്തകത്തിന്റെ കർത്താവ് ആര്?
 a. കെ. ടി. ആചാര്യ b. കാരഡിസിൽവ
 c. ജെസീക്കഹാരിസ് d. ഫെലിപ്പ്ആർമെസ്റ്റോ

23. താഴെപറയുന്നവരിൽ പ്രശസ്തനായ ഇന്ത്യൻ മാർക്സിസ്റ്റ് ചരിത്രകാരൻ ആര്?
 a. കെ. എം. പണിക്കർ b. ജാദുനാഥ്സർക്കാർ
 c. എ. എൽ . ബാഷം d. ഡി. ഡി. കോസംബി

24. ചരിത്രരചനയിൽ പ്രാഥമിക സ്രോതസ്സ് എന്തിനെ സൂചിപ്പിക്കുന്നു?
 a. സംഭവങ്ങളെക്കുറിച്ചുള്ള ഒരു ചരിത്രകാരന്റെ വ്യാഖ്യാനം
 b. ചരിത്രരേഖകളും പുരാവസ്തുക്കളും
 c. ചരിത്രസംഭവങ്ങളുടെ ദ്വിതീയ വിശകലനം
 d. ചരിത്രസംഭവങ്ങളുടെ ആധുനികവ്യാഖ്യാനം

25. താഴെപറയുന്നതിൽ ഏതു ഹാരപ്പൻ പ്രദേശത്താണ് ഒരു പ്രാചീന കപ്പൽ നിർമ്മാണശാല കണ്ടെത്തിയിട്ടുള്ളത്?
 a. ധോളാവീര b. ലോത്തൽ
 c. കാലിബംഗൻ d. ആലംഗീർപൂർ